# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3591 · 15.07.2015 - ൽ മറുപടിക്ക്

## വാട്ടർ അതോറിറ്റി ബിൽ കുടിശ്ശിക

| ചോദ്യം<br>ശ്രീമതി.കെ.എസ്.സലീഖ | | മറുപടി<br>പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | വാട്ടർ അതോറിറ്റിക്ക് 01/04/2011-ലെ കണക്കനുസരിച്ച് ഗാർഹിക, ഗാർഹികേതര, വ്യാവസായിക, സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, പൊതുടാപ്പ്, പഞ്ചായത്ത്, വാട്ടർ കണക്ഷൻ ഉപയോഗത്തിനു വെള്ളക്കരം, ഫൈൻ, പിഴപ്പലിശ ഇനത്തിൽ പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക തുക എത്ര; ഈ തുക 01.04.2012, 01.04.2013, 01,04.2014, 01.04.2015ൽ എത്രയായിരുന്നു; വ്യക്തമാക്കുമോ; | (എ) | 01/04/2011 - 492.08 കോടി രൂപ<br>01/04/2012 - 500.66 കോടി രൂപ<br>01/04/2013 - 525.14 കോടി രൂപ<br>01/04/2014 - 647.20 കോടി രൂപ<br>01/04/2015 - 580.61 കോടി രൂപ |
| (ബി) | ഈ തുക പിരിച്ചെടുക്കാൻ എന്തു നടപടികൾ സ്വീകരിച്ചു; ഏതെല്ലാം സ്ഥാപനങ്ങൾ നാളിതുവരെ കുടിശ്ശിക അടച്ചിട്ടില്ല; | (ബി) | സമയബന്ധിതമായി ബിൽ നൽകുകയും കൂടുതൽ കുടിശ്ശികയുള്ള ഉപഭോക്താക്കൾക്ക് വിഛേദന നോട്ടീസ് നൽകുകയും ചെയ്യും. എന്നിട്ടും കുടിശ്ശിക അടയ്ക്കാതിരുന്നാൽ കണക്ഷൻ വിഛേദിക്കും. തുടർന്നും കുടിശ്ശിക അടയ്ക്കാതിരുന്നാൽ റവന്യൂ റിക്കവറിക്ക് ശുപാർശ ചെയ്യും. ഇതിനായി 2015 ജനുവരി, ഫെബ്രുവരി മാസങ്ങളായി എല്ലാ ജില്ലകളിലും അദാലത്തുകൾ സംഘടിപ്പിച്ച് അനവധി പരാതികൾക്ക് പരിഹാരം കാണുകയും വെള്ളക്കരം പിരിച്ചെടുക്കുകയും ചെയ്തു.<br>കുടിശ്ശിക അടയ്ക്കാത്ത സ്ഥാപനങ്ങൾ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു. |
| (സി) | വാട്ടർ അതോറിറ്റിക്ക് 01.04.2011 മുതൽ 01.04.2012 വരെയും 01.04.2012 മുതൽ 01.04.2013 വരെയും 01.04.2013 മുതൽ 01.04.2014 വരെയും 01.04.2014 മുതൽ 01.04.2015 വരെയും പിരിഞ്ഞു കിട്ടിയ തുക എത്ര; വ്യക്തമാക്കുമോ ? | (സി) | 2011-2012- 341.16 കോടി രൂപ<br>2012-2013- 358.33 കോടി രൂപ<br>2013-2014 - 319.22 കോടി രൂപ<br>2014-2015 - 373.06 കോടി രൂപ |

സെക്ഷൻ ഓഫീസർ